LIBRARY ARCHIVES Kerala Legislative Assembly

റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ

17 (4296) * ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീസർവ്വേ നടത്തിയ സ്ഥലങ്ങളിൽ അളവ് സംബന്ധിച്ച പരാതികൾ പരിഹരിച്ചു കഴിഞ്ഞുവോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പരാതികൾ കഴിയുന്നത്ര വേഗം പരിഹരിക്കുമോ ?

ഉത്തരം

(എ) റീസർവ്വേ നടത്തിയ സ്ഥലങ്ങളിൽ നിന്നു സർവ്വേ സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അവ പരിഹരിച്ചുവരുന്നു.

(ബി) ഇത് സംബന്ധിച്ച പരാതികൾ കഴിയുന്നത്ര വേഗം പരിഹരിക്കുന്നതാണ്.

പുറംപോക്ക് ഭൂമി പതിച്ചു കൊടുക്കുവാൻ നടപടി

18 (4297) ശ്രീ. വി. ഡി. സതീശൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര പേർക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട് ;

(ബി) മത്സ്യത്തൊഴിലാളികൾക്കും പട്ടികജാതിക്കാർക്കും അവരുടെ കൈവശമുള്ള പുറംമ്പോക്ക് ഭൂമി പതിച്ചുകൊടുക്കാൻ ഉദ്ദേശ്യമുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത നടപടി എളുപ്പമാക്കുന്നതിന് ആദാലത്തുകൾ നടത്തുന്നതുകൊണ്ട് പ്രയോജനം ഉണ്ടാകുമോ ?

ഉത്തരം

(എ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലേയ്ക്കുള്ള ഭൂമി പതിവ് ചട്ടങ്ങൾ, ലക്ഷംവീട് പദ്ധതി, പുനഃരധിവാസ ഭവന നിർമ്മാണ പദ്ധതി ഇവ പ്രകാരമുള്ള 6538 പട്ടയങ്ങളും, മലയോര കർഷകർക്കുള്ള 6314 പട്ടയങ്ങളും സഹിതം ഈ ഗവൺമെന്റ് നിലവിൽവന്ന ശേഷം 12852 പേർക്ക് ഭൂമി പതിച്ചു പട്ടയം നൽകിയിട്ടുണ്ട്.